# സഭയുടെ ഉൽപ്രാപണം

കെ. എം. മത്തായി മേപ്പുറത്

Cont.. from part 1

d) അതേ കാലത്തു ദൈവസഭ പുതിയ യെരുശലേമിൽ പിതൃസവിധത്തിൽ ആയിരിക്കുന്നതും ഇതിന്റെ നിറവേറലാണ്. അതുകഴിഞ്ഞിട്ടു പുതിയ യെരുശലേം ഭൂമിയിൽ ഇറങ്ങിവരും.

ഈ പറഞ്ഞ യാതൊരു കാലത്തെ ക്രോധത്തിനും പിന്നീടു പുനരുത്ഥാനം നടക്കുമെന്ന് യെശ. 26:19, 20–ൽ പറഞ്ഞിട്ടില്ല. ആ വ്യാഖ്യാനം വെറും തെറ്റായ പ്രസ്താവനയാണ്. സൂക്ഷിച്ചുവായിക്കുക. Y. E.]

viii) സഭയേയും യിസ്രായേലിനേയും ഒന്നിച്ച് ഉൽപ്രാപണത്തിൽ എടുത്താൽ, ക്രിസ്തുവിന്റെ ന്യായാസനം, കുഞ്ഞാടിന്റെ കല്യാണം ഈ രംഗങ്ങളിൽ യിസ്രായേൽ എവിടെയായിരിക്കുമെന്നതിനു വചനം കാണുന്നില്ല. [വ്യക്തമായ വചനം ഇല്ലാ എന്നേയുള്ളു. യിസ്രായേൽ മാത്രമല്ല പഴയനിയമ ഭക്തന്മാർ ആരുടെയും കാര്യം വ്യക്തമാക്കിയിട്ടില്ല, മനുഷ്യവർഗ്ഗത്തിലെ രക്ഷിതഗണത്തെ പ്രതിനിധീകരിക്കുന്നവരാണ് 24 മൂപ്പന്മാർ. ആകയാൽ അവരെല്ലാവരും ക്രിസ്തുവിന്റെ ന്യായസനത്തിങ്കൽനിന്നു പ്രതിഫലങ്ങൾ വാങ്ങിച്ചിട്ടു വെളി.4–ൽ പ്രത്യക്ഷപ്പെടുന്നു എന്നു ചിന്തിക്കുന്നതിൽ അപാകത കാണുന്നില്ല. Y. E]

ix) സഭയോടുകൂടെ യിസ്രായേലും യോഹ. 14:1–3 വരെയുള്ള വാഗ്ദത്തം പ്രാപിച്ചു പിതൃസവിധത്തിൽ എത്തുമോ? [അയറായിലേക്കു കയറിയ ഉടനെ നേരേ പിതൃസവിധത്തിൽ നാം ചെന്നു കർത്താവിനോടുകൂടെ ഇരിക്കും എന്നല്ലല്ലൊ നാമാരും വിശ്വസിക്കുന്നതു്? ക്രിസ്തുവിന്റെ ന്യായാസനവും കുഞ്ഞാടിന്റെ കല്യാണവും കഴിഞ്ഞിട്ടാണല്ലൊ അവിടെ ഇരുത്തുക. ആകയാൽ അതും ഒരു പൊതുപ്രസ്താവനയാണ്. ആ പ്രസ്താവനയിൽ യിസ്രായേലും പഴയനിയമഭക്തന്മാരും ഉണ്ടായിരിക്കും എ

ന്നു വിചാരിച്ചാലും തെററില്ല. അവരും നാമും സ്വർഗ്ഗത്തിൽ കാണുമല്ലൊ. എന്നാൽ സ്വർഗ്ഗത്തിൽ അവർക്കുള്ള സ്ഥാനം വേറൊന്നായിരിക്കും എന്നേയുള്ളു. അവർക്കായുള്ള നഗരം മുന്നമെ ദൈവം ഒരുക്കിക്കഴിഞ്ഞല്ലൊ. എബ്രാ. 11:16. Y.E]

x) മണവാട്ടിപദം യിസ്രായേലിന്നില്ലെങ്കിൽ "ക്രിസ്തുവിന്നുള്ളവരെ" ഉയിർപ്പിക്കുന്നകൂട്ടത്തിൽ അവരെ ഉയിർപ്പിക്കുമോ? [മണവാട്ടിയെ മാത്രം ഉയിർപ്പിക്കും എന്നു വാക്യം ഇല്ല. 'ക്രിസ്തുവിൻെറ ആത്മാവില്ലാത്തവൻ അവന്നുള്ളവനല്ല' (റോമ. 8:9) എന്ന പ്രസ്താവനയനുസരിച്ചു ക്രിസ്തുവിൻെറ ആത്മാവുള്ളവർ എല്ലാം അവന്നുള്ളവരാണ്. അങ്ങനെയാണെങ്കിൽ യിസ്രായേല്യർക്കും ആത്മാവുണ്ടായിരുന്നു. യെശ. 63:11. അവരും ദൈവത്തിന്നുള്ളവരും ക്രിസ്തുവിന്നുള്ളവരും ആണ്. അവരെല്ലാവരും ക്രിസ്തുവിൻെറ വരവാകുന്ന രണ്ടാംപററത്തിൽ അഥവാ നിരയിൽ ഉയിർക്കണം. 1 കൊരി. 15:23. Y.E.]

xi) ഇക്കാരണങ്ങളാൽ പഴയനിയമഭക്തന്മാരുടെ പുനരുത്ഥാനം വെളി. 20:3–5–ലെ നിഹതന്മാരോടുകൂടെ വീക്ഷിക്കുന്നവരും ഉണ്ട്.

വെളി. 3, 4 അദ്ധ്യായങ്ങളുടെയിടയിൽ സഭയുടെ പുനരുത്ഥാനവും രൂപാന്തരവും നടക്കുമെന്നു നാം വിശ്വസിക്കുന്നെങ്കിലും അതവിടെ പരോക്ഷമായിട്ടേ വെളിപ്പെടുത്തിയിട്ടുള്ളു. 'ഇവയ്ക്കുശേഷം, meta tauta' എന്നതിന്നു സഭാസംബന്ധമായ കാര്യങ്ങൾ നടന്നശേഷം എന്നാണല്ലൊ വിവക്ഷ. അതുപോലെ ദാനി. 12:2; യെശ. 26:19 ഇവയിൽ കാണുന്ന യിസ്രായേല്യരുടെ പുനരുത്ഥാനം വെളി. 20:4–6 വരെയുള്ള പുനരുത്ഥാനത്തിൽ ചേർക്കാതെ വിട്ടിരിക്കയാണെന്നു വരാമല്ലൊ.

[അതിനും പ്രത്യുക്തിയുണ്ട്. വെളി. 3, 4 അദ്ധ്യായങ്ങൾക്കിടയിൽ സഭ മാററപ്പെട്ടതായി മനസ്സിലാക്കുവാൻ മതിയായ ന്യായങ്ങളാണു 4:1—ലും തുടർന്നും കാണുന്നതു്. ആ വിധമുള്ള യാതൊരു സൂചനയും വെളി. 20:4–6 വരെ ഇല്ല. വെളി. 20:4–6 വരെ പറയാതെ വിട്ടു എന്നു് എടുക്കാമെങ്കിൽ 1 തെസ്സ: 4:14–16; 1 കൊരി. 15:52 എന്നിവയിൽ പറയാതെ വിട്ടു എന്നു് എടുക്കുന്നതല്ലേ കൂടുതൽ യുക്തിയുക്തം? 1 തെസ്സ. 3:13; എബ്രാ. 11:40; യെശ. 26:19 (ഇംഗ്ലീഷ്) ഇവകൂടെ അവിടെ എടുത്താൽ വിഷയം സ്ഫടികസ്ഫുടവുമാണു്. ആകയാൽ ഏതെങ്കിലും ഒരു അനുമാനം സ്വീകരിക്കുകയാണെങ്കിൽ, ഉൽപ്രാപണ ഘട്ടത്തിൽ യിസ്രായേല്യഭക്തന്മാരും മററു പഴയനിയമകാലഭക്തന്മാരും ഉയിർക്കും എന്നു് എടുക്കുന്നതാണു് യുക്തിയുക്തം. ആവശ്യമായ വചനസഹായം ലഭിക്കുന്നു. മററതു് ചില ന്യായവാദങ്ങളാൽ വരുന്ന വെറും അനുമാനമാണു്. ചില വചനഭാഗങ്ങളെ തെററായി ധരിക്കുന്നതുകൊണ്ടും.

## പ്രധാനന്യായങ്ങൾ

1) "പ്രവചനം എങ്കിൽ വിശ്വാസത്തിനു് ഒത്തവണ്ണം" (റോമ. 12:6) ആയിരിക്കണമെന്നുള്ളതു നിർബന്ധമാണു്. സഭയുടെ ഉപദേശത്തിൽ എബ്രാ. 11:40; 1 തെസ്സ. 3:13 ഈ വാക്യങ്ങൾ ഉള്ളതിനാൽ അവയെ വിശദീകരിക്കുന്നതുനിമിത്തം ഉയിർപ്പു് ഒരുമിച്ചാണെന്നു് ഏററവും വ്യക്തമായ രൂപം ലഭിക്കുന്നുവല്ലൊ. എബ്രാ. 11—ൽ ഹാബേൽ മുതൽ (11:4) ശൂനേംകാരത്തിയുടെ മകനെ ഉയിർപ്പിച്ചതുവരെയുള്ള വ്യക്തികളെ (11:35) വരെ പറഞ്ഞിട്ടുണ്ടു്. മററുപലരെ പൊതുവായും പറഞ്ഞിട്ടുണ്ടു്. അവരെല്ലാം നമ്മോടുകൂടെ രക്ഷാപൂർത്തി പ്രാപിക്കും എന്നുകാണുന്നല്ലൊ.

2) 1 തെസ്സ. 3:13 സൂക്ഷിക്കുക. "ഇങ്ങനെ നമ്മുടെ കർത്താവായ യേശു തന്റെ സകല വിശുദ്ധന്മാരുമായി വരുന്ന പ്രത്യക്ഷതയിൽ നമ്മുടെ ദൈവവും പിതാവുമായ വന്റെ മുമ്പാകെ വിശുദ്ധീകരണത്തിൽ അനിന്ദ്യരായി വെളിപ്പെടുംവണ്ണം നിങ്ങളുടെ ഹൃദയങ്ങളെ സ്ഥിരപ്പെടുത്തുകയും ചെയ്യുമാറാകട്ടെ."

നാം വിശുദ്ധീകരണത്തിൽ അനിന്ദ്യരായി കാണപ്പെടേണ്ടതു സഹസ്രാബ്ദാരംഭത്തിലെ മഹത്വപ്രത്യക്ഷതയിലല്ല. ഉൽപ്രാപണത്തിൽതന്നെയാണ്. അതേ കാര്യംതന്നെയാണ്. 1 തെസ്സ. 5:23–ലും പറയുന്നതു്. ശരീരാത്മദേഹികരം മുഴുവൻ അനിന്ദ്യമായി വെളിപ്പെടണമെന്നു പറയുന്നു. ആകയാൽ കർത്താവു തന്റെ സകല വിശുദ്ധന്മാരുമായി വരുന്നതും അപ്പോഴംതന്നെ. എങ്കിൽ ഈ 'വിശുദ്ധന്മാർ' എന്ന പ്രയോഗം പറുദീസയിൽ വിശ്രമിക്കുന്ന വിശുദ്ധന്മാരെക്കുറിച്ചുതന്നെയാണ്. അവരെയും കൂട്ടിക്കൊണ്ടാണു കർത്താവു് അയറാവരെയും ഇറങ്ങുന്നതു് എന്നതു നിശ്ചയം. ആകയാൽ ആദാം മുതലുള്ള സകലവിശുദ്ധന്മാരുടെയും ആത്മാക്കരം അയറായിലെ വരവിൽ മടങ്ങിവരികയും അവരുടെ ശരീരങ്ങരം എല്ലാം ജീവൻ പ്രാപിച്ചു് എഴുന്നേൽക്കുകയും ചെയ്യും. ഇതെല്ലാം ഒരുമിച്ചുതന്നെയെന്നു തെളിയുന്നു.

3) പ്രവചനങ്ങരം സമയക്രമം വെളിപ്പെടുത്താതെ പറയുന്നിടങ്ങളിൽ വെളിപ്പാടുപുസ്തകത്തിലെ ക്രമംകൊണ്ടുമാത്രമെ വ്യാഖ്യാനിക്കാവൂ. പിന്നീടുനിറവേറേണ്ടതു് ആദ്യം എഴുതിയിട്ടും ഉണ്ടു്. ദൃഷ്ടാന്തം:–യെശ. 7:18,20, 21,23 ഈ വാക്യങ്ങളിലെ 'അന്നാളിൽ' എന്ന പ്രയോഗം നോക്കുക. മീഖാ. 5:1, 2 നോക്കുക. കർത്താവിനെ ചെകിട്ടത്തടിക്കുന്ന കാര്യം പറഞ്ഞിട്ടു പിന്നീടാണു തന്റെ

ജനനത്തെക്കുറിച്ചു പറയുന്നതു്. കാലക്രമത്തിലല്ല പ്രവചനങ്ങൾ നിരന്നുകിടക്കുന്നതു്. ദാനി. 12:1–3 വരെ മുതലായ ഭാഗങ്ങൾ ആ വിധം സൂക്ഷിച്ചു വ്യാഖ്യാനിക്കണം.

4) യെശ. 26:19, 20 കാലക്രമത്തിൽ വ്യാഖ്യാനിച്ചാലും യിസ്രായേലിന്റെ പുനരുത്ഥാനം കഴിഞ്ഞിട്ടാണു് അറബിയാപെട്രായിലേക്കുള്ള അവരുടെ ഓടിപ്പോക്കു് എന്നു വരുന്നു. അങ്ങനെയായാൽ ഉൽപ്രാപണത്തോടുകൂടെ ഉയിർപ്പു നടക്കും എന്നു സംശയരഹിതമായി ലഭിക്കുന്നു.

5) 24 മൂപ്പന്മാർ സഭയുടെ പ്രതിനിധികളാണെന്നു പറയുവാൻ ന്യായം ഒന്നും കാണുന്നില്ല. അപ്പോസ്തലന്മാരുടെ എണ്ണം മാത്രമെ പ്രാതിനിധ്യമായി സ്വീകരിക്കുവാൻ നിവൃത്തിയുള്ളു. അവർ എപ്പോഴും 12 ആണു്. യിസ്രായേൽഗോത്രം 12 ആകയാൽ അവർക്കു പ്രാതിനിധ്യവും 12 എന്നു് എടുക്കാം. അങ്ങനെ 24 പേർ. അതു് മനുഷ്യവർഗ്ഗത്തെ മുഴുവൻ ഉദ്ദേശിച്ചുള്ള സംഖ്യയും ആണു്. $6\times4=24$. 6 മനുഷ്യന്റെ അക്കം; 4 സാർവ്വത്രികതയെ കാണിക്കുന്നു. അങ്ങനെ മുഴുവൻ മനുഷ്യവർഗ്ഗത്തിന്റെയും പ്രതിനിധികൾ. അവരുടെ ആരാധന, സിംഹാസനം, കിരീടം, വെള്ളയുടുപ്പു് ഇവയെല്ലാം പുനരുത്ഥാനംകഴിഞ്ഞു ക്രിസ്തുവിന്റെ ന്യായാസനത്തിങ്കൽ കണക്കുകൊടുത്തിട്ടു പ്രതിഫലം വാങ്ങിച്ചതിനെ കാണിക്കുന്നു. ആകയാൽ പഴയനിയമഭക്തന്മാരുടെയും ഉയിർപ്പു് സഭയുടെ ഉയിർപ്പോടുകൂടെത്തന്നെ എന്നു സംശയരഹിതമായി നിശ്ചയിക്കാം. മററു് അനുമാനങ്ങളിലേക്കു പോകേണ്ടുന്ന ആവശ്യം ഇല്ല. Y.E.]

## 5) ഉൽപ്രാപണവേളയിലെ മൂന്നു നാദങ്ങൾ

പുനരുത്ഥാനം, രൂപാന്തരം, എടുക്കപ്പെടൽ എന്നീ മൂന്നു് അതിശയങ്ങളാണു ഒന്നിനുപുറകെ ഒന്നായി പെട്ടെന്നു സംഭവിക്കുന്നതു്. ഇവ സാധിച്ചുകിട്ടുവാനെന്നവണ്ണം മൂന്നു നാദങ്ങൾ മുഴങ്ങുന്നു. 1 തെസ്സ. 4:16.

1. ഗംഭീരനാദം:—ഇതു വെറും ശബ്ദമല്ല, കർത്താവിൻെറ ആജ്ഞയാണു്. എന്തായിരിക്കാം ഈ ആജ്ഞ?

സങ്കീ. 90:3:— "നീ മർത്യനെ പൊടിയിലേക്കു മടങ്ങിച്ചേരുമാറാക്കുന്നു; മനുഷ്യപുത്രന്മാരെ തിരികെ വരുവിൻ എന്നും അരുളിച്ചെയ്യുന്നു".

യെശ. 26:1 :— "പൊടിയിൽ കിടക്കുന്നവരേ, ഉണൎന്നു ഘോഷിപ്പിൻ".

വെളി. 11:12:— "ഇവിടെ കയറിവരുവീൻ എന്നു സ്വർഗ്ഗത്തിൽനിന്നു് ഒരു മഹാശബ്ദം കേട്ടു".

യോഹ. 11:43:—"ലാസരേ, പുറത്തുവരിക എന്നു് ഉറക്കെ വിളിച്ചു".

യോഹ. 5:25, 28:—"മരിച്ചവർ ദൈവപുത്രൻെറ ശബ്ദം കേൾക്കയും കേൾക്കുന്നവർ ജീവിക്കയും ചെയ്യുന്ന നാഴിക വരുന്നു". "കല്ലറയിലുള്ളവർ....അവൻെറ ശബ്ദംകേട്ടു്....ജീവന്നായും.... പുനരുത്ഥാനംചെയ്‌വാനുള്ള നാഴിക വരുന്നു".

ലാസറിനോടുള്ള കല്പന വ്യക്തിപരമായി "മിനി" കല്പനയും, ഉൽപ്രാപണത്തിലെ കല്പന ക്രിസ്തുവിൽ മരിച്ചവർക്കു് ആകമാനമുള്ള ഒരു മഹാകല്പനയും ആയിരിക്കും. കല്ലറകളെ ഭേദിക്കുന്നശബ്ദം; മൃതന്മാരുടെപോലും കാതുതുറപ്പിക്കുന്ന ഒരു ആജ്ഞാരവം പുറപ്പെടും.

മരിച്ചവർ എഴുന്നേററുവരും. മരണത്തെ ജയിച്ചവനും പൊടിയിൽനിന്നു മനുഷ്യപുത്രന്മാരെ തിരിച്ചുവിളിക്കുന്നവനുമായ നമ്മുടെ കർത്താവിന്നു സ്തോത്രം!

2) പ്രധാനദൂതന്റെ ശബ്ദം :— മരിച്ചുപോയവരുടെ ആത്മാക്കൾ പറുദീസയിൽനിന്നു് ഇറങ്ങിവരുമ്പോൾ അവരെ പരിരക്ഷിക്കേണ്ട ഉദ്യോഗം പ്രധാനദൂതന്റേതാണ്. ആ ആത്മാക്കൾ വന്നു ഭൂമിയിൽ ശരീരങ്ങളിൽ ചേരും.

യൂദാ 9 :— "പ്രധാനദൂതനായ മീഖായേൽ മോശയുടെ ശരീരത്തെക്കുറിച്ചു പിശാചിനോടു തർക്കിച്ചുവാദിക്കുമ്പോൾ....".

ദാനി. 12:1, 2:— "ആ കാലത്തു നിന്റെ സ്വജാതിക്കാർക്കു തുണനില്ക്കുന്ന മഹാപ്രഭുവായ മീഖായേൽ എഴുന്നേല്ക്കും;..... നിലത്തിലെ പൊടിയിൽ നിദ്രകൊള്ളുന്നവരിൽ (പലർ) ചിലർ നിത്യജീവന്നായും. ഉണരും".

1 തെസ്സ. 4:16—ം നോക്കുക. പ്രധാന ദൂതനെ പരാമർശിക്കുന്ന ഇത്യാദി ഭാഗങ്ങൾ സൂക്ഷിച്ചാൽ ചില കാര്യങ്ങൾ ഗ്രഹിക്കാം.

a) യിസ്രായേലിന്റെ ആയാലും, സഭയുടെ ആയാലും പുനരുത്ഥാനരംഗത്തു ദൈവം പ്രധാന ദൂതനെ അയയ്ക്കുന്നു.

b) യിസ്രായേലിന്റെ തുണയ്ക്കായി ദൈവം പ്രധാന ദൂതനെ നിയോഗിക്കാറുള്ളതിനാൽ 1 തെസ്സ. 4:16—ൽ യിസ്രായേലിന്റെ പുനരുത്ഥാനവുംകൂടെ നടക്കുന്നതിനാലല്ലേ പ്രധാനദൂതനെ അയയ്ക്കുന്നതു് എന്നു ചിലർ ചിന്തിക്കുന്നു.

c) മരണത്തിന്റെ അധികാരിയായ പിശാചു മനുഷ്യരെ തന്റെ അധികാരത്തിൻകീഴമർത്തിവച്ചിരിക്കുകയാണ്. ശരീരത്തിന്റെ പുനരുത്ഥാനം അവന്റെ അധി

കാരത്തെ വെല്ലുവിളിക്കയാകയാൽ മൃതശരീരങ്ങളെ താൻ കയ്യടക്കിവയ്ക്കാൻ വ്യാമോഹിക്കുന്നുണ്ടാവാം. അതിനാലല്ലേ മോശയുടെ ശരീരത്തെക്കുറിച്ചു മല്ലിട്ടതു്? ഇവിടെ സഭാംഗങ്ങളായ ലക്ഷോപിലക്ഷങ്ങളുടെ അനിയന്ത്രിതമായ ശരീരപുനരുത്ഥാനവും രൂപാന്തരവും പിശാചിനെ പരിഭ്രാന്തനാക്കുന്നു. തൻെറ ഗംഭീരമായ തർജ്ജനാട്ടഹാസവുമായി പ്രധാനദൂതൻ സാത്താനെ നേരിടുകയല്ലേ? ശരീരങ്ങൾക്കുവേണ്ടി പിശാചു തർക്കിക്കുമെന്നുതന്നെ ചിന്തിക്കാം.

[ഈവിധമെല്ലാം ചിന്തിക്കാമെങ്കിലും ആ സമയം സാത്താനും അറിഞ്ഞുകൂടാ. പുനരുത്ഥാനം നടക്കുവാനും വളരെ സമയം വേണമെന്നില്ലല്ലോ. ആകയാൽ തർക്കിക്കുവാനായിട്ടു് ഇടകിട്ടും എന്നു ചിന്തിക്കാവതല്ല. പുനരുത്ഥാനം എന്ന പ്രക്രിയ നടത്തുന്നതു പരിശുദ്ധാത്മാവാണെങ്കിലും (ആത്മാക്കളെ കൊണ്ടുവരുവാനും ഉയിർത്തവരുടെയും രൂപാന്തരപ്പെട്ടവരുടെയും ബാഹ്യസംരക്ഷണത്തിനും ദൂതന്മാർ നിയമിക്കപ്പെടും എന്നു വിചാരിക്കുന്നതാണു കൂടുതൽ യുക്തം. അവർക്കു കൊടുക്കുന്ന കല്പനയാണു് മീഖായേലിൻെറ ശബ്ദം. Y.E.]

3) <u>ദൈവത്തിൻെറ കാഹളം</u>:—മൂന്നാമത്തു് ഉൽപ്രാപണത്തെ സഹായിക്കുന്നേ ഒരു നാദമത്രേ <u>ദൈവത്തിൻെറ കാഹളം</u>. പുനരുത്ഥാനപാഠം നൽകുന്ന 1 കൊരി. 15: 52–ൽ ഈ കാഹളത്തെ അന്ത്യകാഹളം എന്നു പറഞ്ഞിരിക്കുന്നു. ഇതും, ഏഴാംകാഹളവും തമ്മിൽ താരതമ്യംചെയ്തു പഠിക്കുന്നതു ജ്ഞാനപ്രദമാണു്. സഹോദരൻ വൈ. എസ്സക്കിയേലിൻെറ 'സഭയും മഹാപീഡനവും' എന്ന ഗ്രന്ഥത്തിലെ (പുറം 172 മുതൽ) അപഗ്രഥനംതന്നെ പര്യാപ്തമാണു്:—

| അന്ത്യകാഹളം | ഏഴാം കാഹളം | മഹാകാഹളം |
|---|---|---|
| 1 തെസ്സ. 4:16 | വെളി. 10:6; 11:15. | മത്താ. 24:31. |
| 1. ദൈവത്തിന്റെ കാഹളം | ഏഴു ദൂതന്മാരിൽ ഒരാൾ ഊതുന്നു. | പല ദൂതന്മാരാൽ |
| 2. മുന്നറിയിപ്പില്ല. | ആറു കാഹളവും അവയുടെ സംഭവങ്ങളും അടയാളം. | മഹോപദ്രവസംഭവങ്ങൾ എല്ലാം അടയാളം |
| 3. ദീർഘസമയം ഊതുകയില്ല | കുറെ ദിവസങ്ങൾ നീണ്ടുനില്ക്കും. വെളി. 10:6 (പുറ. 19: 19-ലേതിനു തുല്യം) | കുറെ ദീർഘിക്കാം |
| 4. ഒരു കാഹളം (നിഴൽകാഹളങ്ങൾ രണ്ട്. സംഖ്യ. 10:1—10) | ഏഴു കാഹളങ്ങളിൽ ഒന്ന് | പല ദൂതന്മാർ ഊതും |
| 5. സഭോൽപ്രാപണം നടക്കും | ന്യായവിധി ചൊരിയും | യിസ്രായേലിന്റെ വിടുതൽ |
| 6. a) സഭയുടെ വിടുതൽ<br>b) സഭ ഭൂമിയിൽനിന്നു പുറപ്പെടുക<br>c) കർത്തൃസന്നിധിയിൽ കൂട്ടിച്ചേർക്കപ്പെടുക (ലേവ്യ. 25:9, 10; സംഖ്യ. 10:1—10 ഇവയിലെ മൂന്നു കാര്യങ്ങൾ). | ന്യായവിധിയും ശിക്ഷകളും. ഏഴു കലശകാലത്തെ കാര്യങ്ങളും കർത്താവിന്റെ രാജത്വവും (സഭ ചേർക്കപ്പെടുന്നില്ല.) | യിസ്രായേൽ കൂട്ടിച്ചേർക്കപ്പെടും. യെശ. 27:13. (യരുശലേമിൽ) ലേവ്യ. 25:8. ശ്രുതിയെങ്ങും ഊതപ്പെടും (സഭ ചേർക്കപ്പെടുന്നില്ല) |

ലേവ്യ: 25;9, 10—ലെ വീണ്ടെടുപ്പിൻകാഹളവും സംഖ്യാ 10:1–10-ലെ വെള്ളിക്കാഹളങ്ങളും നോക്കുക. അന്ത്യകാഹളമായ ദൈവത്തിൻെറ കാഹളധ്വനി സഭയെ ഭൂമിയിൽനിന്നു പുറപ്പെടുവിക്കുന്നതിനും, ലോകത്തിൻെറ നാനാഭാഗത്തുനിന്നും ഉയരുന്നവരെ ക്രിസ്തുവിന്നടുത്തു് ആയാറിൽ കൂട്ടിച്ചേർക്കുന്ന വൻകാര്യം നിവർത്തിക്കുന്നതിനും അതു സ്വാതന്ത്ര്യത്തിൻെറ കാഹളമാകയാൽ (ലേവ്യ. 25:9, 10) നമ്മെ അടിമപ്പെടുത്തിയിരിക്കുന്ന സകലത്തിൽനിന്നും സ്വാതന്ത്ര്യം തരുന്നതിനും ആണു്. അങ്ങനെ നമുക്കു സ്വാതന്ത്ര്യം ലഭിച്ച ഭൂമിയിൽനിന്നും പുറപ്പെട്ടു് ആയാറിൽ കൂട്ടിച്ചേർക്കുമ്പോഴും, അതു് ഭൂമിയിൽനിന്നും പിടിച്ചുപറിച്ചുകൊണ്ടു പോകുന്ന ഉത്പ്രാപണം ആയി.

## 6. അയറായിലേക്കുള്ള കർത്താവിൻെറ ഇറക്കം.

1 തെസ്സ. 4:16:–"...സ്വർഗ്ഗത്തിൽനിന്നു് ഇറങ്ങിവരികയും......നാം......ആകാശത്തിൽ (അയറാ, aera–യിൽ) കർത്താവിനെ എതിരേല്പാൻ (കണ്ടുമുട്ടുവാൻ, meet) മേഘങ്ങളിൽ എടുക്കപ്പെടും."

കർത്താവു സ്വർഗ്ഗത്തിൽനിന്നിറങ്ങി താഴോട്ടു വരും. നാം അയറായിൽ അവനെ കണ്ടുമുട്ടാൻ കൂട്ടങ്ങളായി എടുക്കപ്പെടും. കർത്താവു് ഇറങ്ങിവരാതെ സ്വർഗ്ഗംവരെ നമ്മെ വിളിച്ചു കയററാത്തതു് എന്തുകൊണ്ടു്? അയറാ എവിടെയാണു്? മേഘങ്ങളിൽ എടുക്കപ്പെടുക എന്നാൽ എന്തു്? എവിടെവരെ?.

അയറാ തീരെ താഴെയല്ലെന്നും, അന്തരീക്ഷവായുവിന്നു മീതെയാണെന്നും ചിലർ പറയുന്നു. അത്ര വളരെ ഉയരത്തിലല്ല, വളരെ താഴെയാണെന്നു മററു ചിലരും. (Kenneth S. West) കെന്നത്തു എസ്. വെസ്ററു "Word studies" എന്ന ഗ്രന്ഥത്തിൻെറ 11–ാം വാല്യത്തിൽ ഇങ്ങ

നെ പറയുന്നു:–ഗ്രീക്കുകാർ അന്തരീക്ഷവായുവിന്നു രണ്ടു ശബ്ദം ഉപയോഗിക്കാറുണ്ടു് (1) അയേർ, അതു താഴെയും വായുഘനം കൂടുതൽ ഉള്ളഭാഗവും അത്രേ. (2) ഈതർ, അതു വായുകുറഞ്ഞതും ലോലവുമായി കുറേക്കൂടെ ഉയന്നഭാഗം. അയേർ പതിനായിരം അടിവരെയുള്ള ഭൂമിയോടടുത്തുള്ള അന്തരീക്ഷമാണെന്നപോലും.

പ്രസ്തുത എഴുത്തുകാരൻ തുടരുന്നു:–

സാത്താൻ ആകാശത്തിലെ അധികാരീയായ അധിപതി ആണെന്നു എഫെ. 2:2–ൽ പറഞ്ഞിരിക്കുന്നു. അതു് അയേർ എന്ന താഴത്തെ ആകാശഭാഗം ആകുന്നു. ശത്രുവായ സാത്താൻെറ അധികാരാതിർത്തിയിൽവന്നു്, സാത്താൻേറയും അവൻെറ അനുയായികളുടേയും ശക്തിയിൽനിന്നു പിടിച്ചുപറിച്ചു കൊണ്ടുപോകാനത്രേ സഭാകാന്തൻ അയേർ വരെ ഇറങ്ങിവരുന്നതു്. പിശാചു മോശയുടെ ശരീരത്തിനായി വാദിച്ചു തർക്കിച്ചെങ്കിൽ ഇവിടെ നമ്മുടെ അസംഖ്യമായ ശരീരങ്ങളെ കത്താവു് എടുത്തുകൊണ്ടുപോകുമ്പോാം അവൻ അടങ്ങിയിരിക്കുമോ?

"കെ. എസ്സ്. വെസ്ററു്" വേറൊരു കാര്യംകൂടെ പറയുന്നു. ചിരിക്കാനും ചിന്തിക്കാനും അതു് കൊള്ളാം:– അടുത്തകാലത്തു കണ്ടുപിടിച്ച നക്ഷത്രങ്ങാം ഭൂമിയിൽ നിന്നു് 500,000,000 (50 കോടി) പ്രകാശവർഷാംക്കമീതെ സ്ഥിതിചെയ്യുന്നു. 186,000 മൈൽ ഒരു സെക്കൻെഡിൽ യാത്രചെയ്യുന്ന പ്രകാശത്തിൻെറ കണക്കനുസരിച്ചു് ഈ നക്ഷത്രങ്ങാം ഏകദേശം മൂന്നു കോടി കോടി കോടി മൈൽ ദൂരെയത്രേ. അതായതു്' 500,000,000 × 365 × 24 × 60 × 60 × 186,000 = 2,932,848,000,000,000,000,000 മൈൽ ദൂരെ. സ്വർഗ്ഗവും, സ്വർഗ്ഗാധിസ്വർഗ്ഗവും പുരാതന സ്വർഗ്ഗാധിസ്വർഗ്ഗ

വും (സങ്കീ. 68:33) പിന്നെയും എത്രയോ ലക്ഷം കോടി മൈൽ ദൂരെ എന്നു് ആർക്കും പറയാവതല്ല. കർത്താവായ യേശു ഇത്രയേറെ ദൂരെനിന്നാണു നമ്മെ എതിരേല്പാൻ വരുന്നതു്. പ്രകാശത്തിൻെറ ശീഘ്രഗതിയിൽ കർത്താവു സഞ്ചരിച്ചാൽ മതിയാകുകയില്ല........ വിചാരത്തിൻെറ വേഗതയിൽ കർത്താവു സഞ്ചരിക്കുന്നു എന്നു പറഞ്ഞാലേ പററൂ. അങ്ങനെയായാൽ ഒരു നൊടിനേരംകൊണ്ടു് ഇങ്ങു് ഇറങ്ങിവരും.

## 7. ഉൽപ്രാപണം ഏതുസമയത്തും ആകാം (Imminency)

ഒന്നാംനൂററാണ്ടിലെ വിശുദ്ധന്മാർ ആവിധം പ്രതീക്ഷയോടെ ഇരുന്നു. 1 കൊരി. 1:7. "യേശുക്രിസ്തുവിൻെറ പ്രത്യക്ഷത" കാത്തിരിക്കുന്നു. ഫിലി. 3:20. "ക്രിസ്തു രക്ഷിതാവായി വരും എന്നു നാം കാത്തിരിക്കുന്നു."

1 തെസ്സ. 4:17: "നാം ആകാശത്തിൽ....കർത്താവിനെ എതിരേല്പാൻ എടുക്കപ്പെടും".

തീത്തൊ. 2:12: "നാം ഭാഗ്യകരമായ പ്രത്യാശയ്ക്കായിട്ടും ...കാത്തുകൊണ്ടു്."

യാക്കോ. 5:8: "കർത്താവിൻെറ പ്രത്യക്ഷത സമീപിച്ചിരിക്കുന്നു".

വെളി. 22:20: "അതേ, ഞാൻ വേഗം വരുന്നു. ആമേൻ, കർത്താവായ യേശുവേ, വരേണമേ".

1 പത്രോ. 1:13: "വരുവാനുള്ള കൃപയിൽ പൂർണ്ണപ്രത്യാശ വച്ചുകൊൾവിൻ".

വരുന്നസമയം പറയാതിരുന്നതു് ആശയോടിരിപ്പാനാണു്. അതിനെക്കുറിച്ചുള്ള അഭിപ്രായങ്ങൾ:—

ക്ളെമൻറു് എഴുതുന്നു: "സ്നേഹത്തിലും നീതിയിലുമുള്ള ദൈവരാജ്യത്തെ ഏതു നാഴികയിലും നമുക്കു പ്രതീ

ശ്വസിക്കുന്നു. ക്രിസ്തുവിന്റെ വരവു വളരെ ദൂരെയാണെന്നു നാം കരുതേണ്ടാ. നമ്മുടെ തല ഉയർത്തി നമുക്കു നോക്കാം.

കാൽവിൻ: ക്രിസ്തുവിന്റെ വരവിന്നായി പ്രതീക്ഷയോടെ നോക്കിയിരിപ്പാനാണു തിരുവെഴുത്തു് ഒരുപോലെ പറയുന്നതു്.

ലാററിമർ: അന്ത്യനാളുകൾ ദൂരത്തിലല്ല എന്നു തിരുവെഴുത്തുകളിൽനിന്നു ഗ്രഹിക്കുന്നു. ഒരുപക്ഷേ, അതു് എന്റെ നാളിൽ വരാം; ഞാൻ പ്രായമല്ലോ, അല്ലെങ്കിൽ എന്റെ മക്കളുടെ കാലത്തുവരാം.

മഹോപദ്രവം കടക്കേണ്ടിവരുമെന്ന ചിന്ത ഈ ലേഖകന്മാർക്കില്ലായിരുന്നു; അതു ചിന്തിച്ചു് ഉപദേശവും നൽകിയിട്ടില്ല.

ഉൽപ്രാപണശേഷം, അന്തിക്രിസ്തുവിന്റെ വാഴ്ച ആരംഭിക്കുമെങ്കിൽ, അന്തിക്രിസ്തുവായ ചെറുകൊമ്പു് മുളയ്ക്കുന്നതിനുള്ള പശ്ചാത്തലം തയ്യാറാകണ്ടേ? എന്നും അതിന്നു്, റോമാസാമ്രാജ്യം പുനർജ്ജീവിപ്പിക്കപ്പെട്ടു, പത്തു രാജാക്കന്മാർ അതിൽനിന്നു് എഴുന്നേൽക്കയും ചെയ്യാതെ ഉൽപ്രാപണം എങ്ങനെ നടക്കും? എന്ന പ്രശ്നം ന്യായമായി ഉദിക്കുന്നു. ഇതിനു മറുപടി: ഉൽപ്രാപണശേഷം, അല്പകാലത്തെ ഇട ഉണ്ടാകാമെന്നും, ചില ദിവസങ്ങൾകൊണ്ടു്, ഇന്നത്തെ മാറിമറിയുന്ന ലോകത്തിൽ, ഇവയെല്ലാം സംഭവിപ്പിക്കാമെന്നും, അങ്ങനെ, ചില ദിവസത്തെ ഇടവരുന്നതു വചനവിരുദ്ധമാകയില്ലെന്നും, പലയുഗങ്ങൾക്കും, കാലങ്ങൾക്കും മദ്ധ്യേ അവ്വിധം ഇടസമയങ്ങളുണ്ടായിട്ടുണ്ടെന്നും നാം ഗ്രഹിക്കേണ്ടതാണു്.

## 8. ഉൽപ്രാപണത്തിലെ രണ്ടു് അത്ഭുതങ്ങൾ

ഉൽപ്രാപണത്തിലെ എല്ലാ കാര്യങ്ങളും പ്രകൃത്യാതീതവും ദൈവികവുമാണു്. അവയിൽ ചിലതു നാം പരിഗണിച്ചുകഴിഞ്ഞു. ഇനി രണ്ടു വസ്തുതകൾ ഉണ്ടു്.

a) പുനരുത്ഥാനം—മരിച്ച വിശ്വാസികൾ പ്രാപിക്കുന്നതാണ്.

b) രൂപാന്തരം—ജീവനോടിരിക്കുന്ന വിശ്വാസികൾ പ്രാപിക്കുന്നതു്.

രൂപാന്തരം കണ്ണിമക്കുന്നതിനിടയിൽ നടക്കും. പുനരുത്ഥാനരൂപാന്തരങ്ങൾക്കുശേഷമുള്ള മനുഷ്യന്റെ അവസ്ഥ അത്യന്തം വിശേഷതരമത്രേ. അതിനു മുമ്പും പിമ്പുമുള്ള അവസ്ഥ നോക്കുക.

| മുമ്പ് | | പിമ്പ് (വിശ്വാസികൾക്കുമാത്രമുള്ളവ) |
|---|---|---|
| 1. ആദാമിൽ മരിക്കുന്നു (ഇതുമാത്രം രൂപാന്തരാനുഭവക്കാർക്കുള്ളതല്ല) | — | ക്രിസ്തുവിൽ ജീവിക്കുന്നു (നിത്യതയോളം) |
| 2. ദ്രവത്വത്തിൽ വിതക്കപ്പെടുന്നു | — | അദ്രവത്വം പ്രാപിക്കുന്നു |
| 3. അപമാനത്തിൽ വിതക്കപ്പെടുന്നു | — | തേജസ്സ് പ്രാപിക്കുന്നു. |
| 4. പ്രാകൃതം വിതക്കപ്പെടുന്നു | — | ആത്മീയം പ്രാപിക്കുന്നു. |
| 5. മണ്ണുകൊണ്ടുള്ള പ്രതിമ | — | സ്വർഗ്ഗീയന്റെ പ്രതിമ |
| 6. ജഡരക്തങ്ങളോടുകൂടെ | — | ജഡരക്തരഹിതം |
| 7. സ്ഥലപരിധിയിൽ ഒതുക്കാം | — | സ്ഥലപരിധിയിൽ ഒതുക്കാവതല്ല. |

ജീവനോടിരിക്കുന്ന വിശ്വാസികളുടെ യഥാസ്ഥിതിയിലിരിക്കുന്ന ശരീരങ്ങൾക്കു തേജസ്സും, സ്വർഗ്ഗീയതയും നൽകി മാറ്റുന്ന വൻപ്രവൃത്തിയത്രേ പുനരുത്ഥാനം. ആശ്ചര്യകരമത്രേ രൂപാന്തരം. മരിച്ചുപോയവരുടെ ശരീരം ദ്രവിച്ച് പഞ്ചഭൂതങ്ങളിൽ ലയിച്ചുപോയിരിക്കെ, ലയിച്ചുപോയ ഭാഗങ്ങളെ കൂട്ടിച്ചേർത്തു ജീവപ്രാപ്തിയും തേജസ്കരണവും നൽകുന്ന ഒരു വേലയത്രേ ദൈവത്താൽ കഴിയുന്ന ഈ കർമ്മം. പരിശുദ്ധാത്മശക്തിയിൽ കുറഞ്ഞ

ന്നിനാൽ ഇതു് അസാദ്ധ്യം. പരിശുദ്ധാത്മാവു് ഈ പ്രക്രിയ നടത്തും.

റോമ. 8:11:— "യേശുവിനെ മരിച്ചവരിൽനിന്നു് ഉയിർപ്പിച്ചവൻെറ ആത്മാവു നിങ്ങളിൽ വസിക്കുന്നുവെങ്കിൽ.... നിങ്ങളിൽ വസിക്കുന്ന തൻെറ ആത്മാവിനെക്കൊണ്ടു നിങ്ങളുടെ മർത്ത്യശരീരങ്ങളെയും ജീവിപ്പിക്കും".

അങ്ങനെ, ദൈവജനം പുനരുത്ഥാനവും തേജസ്കരണവും പ്രാപിച്ചു് ക്രിസ്തുതുല്യരായിത്തീരും. 1 യോഹ. 3:2 നോക്കുക. പുഴുക്കളായ നമ്മെ ദൈവതുല്യരാക്കിത്തീർക്കുന്ന ഏകജ്ഞാനിയായ ദൈവത്തിന്നു് ഇന്നുമെന്നേക്കും മഹത്വമുണ്ടാകുമാറാകട്ടെ!

## 9) ഉൽപ്രാപണവും മഹോപദ്രവവും

"സഭയും മഹോപദ്രവവും" എന്ന അയൽപറമ്പിൽ എനിക്കു് അല്പമൊന്നു കയറാതെ വേറെ മാർഗ്ഗമില്ല.

മഹോപദ്രവമദ്ധ്യത്തിലേ സഭയുടെ ഉൽപ്രാപണം നടക്കയുള്ളുവെന്നും, അതല്ല, മഹോപദ്രവശേഷമേ ഉള്ളുവെന്നും ചിലർ വാദിക്കുന്നു. നാം സ്വീകരിക്കുന്നതു് ഇവ രണ്ടുമല്ല, മഹോപദ്രവപൂർവ്വമായിത്തന്നെ സഭ എടുത്തുകൊള്ളപ്പെടും എന്നാണു്. പ്രവചനങ്ങൾക്കു് ആക്ഷരികവും യുഗപരവുമായ വ്യാഖ്യാനം നൽകുന്നവർക്കു മഹോപദ്രവപൂർവ്വവാദമേ സ്വീകാര്യമാകൂ.

### A. മഹോപദ്രവപൂർവ്വവാദം

1) അവിശ്വാസംമൂലം യിസ്രായേൽ പരിത്യജിക്കപ്പെട്ട കാലത്തു തിരഞ്ഞെടുക്കപ്പെട്ട ബഹുജാതി സമ്മിശ്രമായ സഭ, ഇനി യിസ്രായേൽ അംഗീകരിക്കപ്പെടുന്നതിനു മുമ്പേ, തൻെറ കാലം അവസാനിപ്പിച്ചു് ഉൽപ്രാപണത്താൽ തിരോധാനം ചെയ്യണം.

2) "ഭൂമിയിൽ വസിക്കുന്നവരെ പരീക്ഷിക്കേണ്ടതിനു ഭൂതലത്തിൽ എങ്ങും വരുവാനുള്ള പരീക്ഷാകാലത്തു

ഞാനും നിന്നെ കാക്കും" (വെളി. 3:10) എന്ന വാഗ്ദത്തം പരിഗണിച്ചാൽ, ഭൂമിയിൽനിന്നു് ഒരു കൂട്ടരെ മാറ്റും എന്നതിനാലാണു് "ഭൂമിയിൽ വസിക്കുന്നവരെ" എന്നു് എടുത്തുപറഞ്ഞിരിക്കുന്നതെന്നും അവർക്കു ഭൂമിയല്ലാതെ ഇനി ശരണമില്ലാത്തവരെന്നും അർത്ഥമാകുന്നു.

3) 70-ാം ആഴ്ചവട്ടം ദാനിയേലിന്റെ "ജനത്തിനും (യരുശലേമിനും) നിയമിച്ചിരിക്കുന്ന" കാലമാണു്, സഭയ്ക്കല്ല. ആ ഏഴുവർഷമാണു വെളി. 4–19 വരെയുള്ള അദ്ധ്യായ കാലഘട്ടമെന്നു പല കാരണങ്ങളാൽ സ്പഷ്ടം.

a) വെളി. 11-ൽ കാണുന്ന 1260 ദിവസവും 13:5 ൽ കാണുന്ന 42 മാസവും ചേർന്നു് ഒരു 7 വർഷംതികയുന്നു.

b) "യാക്കോബിന്റെ കഷ്ടകാലം" (യിരെ. 30:7) എന്നു വിവക്ഷിച്ചിരിക്കുന്ന കാലത്തെ കഷ്ടങ്ങൾതന്നെയാണു വെളി. 4–19 അദ്ധ്യായങ്ങളിലെ വിനാശങ്ങൾ.

ക്രോധം. 6:16, 17; 11:18; 14:19; 15:1, 7; 16:19; 1 തെസ്സ. 1:9, 10; 5:9; സെഫ. 1:15, 16.

ന്യായവിധി. വെളി. 14:7; 15:4; 16:5–7; 19:2.

ദണ്ഡനം. യെശ. 24:20–21.

പരീക്ഷാകാലം. വെളി. 3:10.

ഉപദ്രവകാലം. യിരെ. 30:7.

വിനാശം. യോവേൽ 1:15.

അന്ധകാരം. യോവേ. 2:2; സെഫ. 1:14–18; ആമോ. 5:18 ഇവ മഹോപദ്രവകെടുതികൾ തന്നെ.

c) മത്തായി 24-ൽ മഹോപദ്രവത്തെ വിവരിക്കുമ്പോൾ "ശൂന്യമാക്കുന്ന മ്ലേച്ഛത വിശുദ്ധസ്ഥലത്തിൽ", "യെഹൂദ്യയിലുള്ളവർ", "ശബത്തിൽ", "അത്തിയുടെ തളിർപ്പു" ഇത്യാദി കേവലം യെഹൂദരെ സംബന്ധിച്ച പ്രസ്താവനകളാണു്; സഭയെ അവിടെ സ്പർശിക്കുന്നതേയില്ല.

സഭ ഈ 7 വർഷക്കാലത്തു ഭൂമിയിലില്ലാത്തതാണ്—ഉൽപ്രാപണത്താൽ മാററപ്പെട്ടതാണ്—അതിന്റെ കാരണം. അതിനാൽ വെളി. 4–ാം അദ്ധ്യായത്തിനുമുമ്പ് സഭ എടുത്തു കൊള്ളപ്പെടണം.

4) 2 തെസ്സ. 2:3–7: ആദ്യമേ വിശ്വാസത്യാഗം (വിട്ടകലുക, apostasia–departure) സംഭവിക്കയും നാശയോഗ്യനും അധർമ്മമൂർത്തിയുമായവൻ വെളിപ്പെടുകയും വേണം... ഇതുവരെ തടുക്കുന്നവൻ വഴിയിൽനിന്നു നീങ്ങിപ്പോകമാത്രം വേണം."

ദാനി. 9:27: "അവൻ ഒരു ആഴ്ചവട്ടത്തേക്കു പലരോടും നിയമത്തെ കഠിനമാക്കും (ഉറപ്പാക്കും)...." ഇവ ശ്രദ്ധിക്കുക.

ഇവിടെ നാം പഠിക്കേണ്ടതു്:—

a) Apostasia=departure, വിട്ടലുക. ഇതു വിശ്വാസത്യാഗമുണ്ടാകുക എന്നല്ല, ഒരു വിട്ടുപോകൽ ആദ്യം സംഭവിക്കുക എന്നാണ്. ഇതു സഭയുടെ ഉയരത്തിലേക്കുള്ള ഗമനമാണ്.

b) ആദ്യമേ സഭ വിട്ടകലണം. പിന്നെമാത്രമേ നാശയോഗ്യൻ വെളിപ്പെടൂ.

c) അവൻ ആഴ്ചവട്ടത്തിന്റെ തുടക്കത്തിൽ മാത്രം നിയമം ഉറപ്പാക്കുവാൻ പ്രത്യക്ഷനാകും.

അതിനാൽ 70–ാം ആഴ്ചവട്ടത്തിന്റെ ആരംഭത്തിൽ നാശയോഗ്യൻ വന്നു നിയമം ഉറപ്പാക്കുന്നതിനു മുമ്പേ സഭയുടെ വിട്ടുപോകലായ എടുക്കപ്പെടൽ സംഭവിച്ചേ മതിയാവൂ.

d) അധർമ്മമൂർത്തിയെ തടയുന്നതു് ഒരു ദൈവീകശക്തിയാകാനേ തരമുള്ളു. ഈ ശക്തി, സഭയെ രക്ഷിച്ചും നടത്തിയും അതിനെ മന്ദിരമാക്കി, അതിൽ വസിച്ചും പോകുന്ന പരിശുദ്ധാത്മാവുതന്നെ. ദൈവാത്മാവു തന്റെ സഭയുമായി ഉയരണം. "അപ്പോൾ അധർമ്മമൂർത്തി വെ

ളിപ്പെട്ടം." സഭയുടെ ഉൽപ്രാപണത്തിൻമുമ്പ് അവൻ വെളിപ്പെട്ടുകൂടാ.

## B. മഹോപദ്രവപശ്ചാത്‌വാദം

മഹോപദ്രവത്തിനുശേഷമേ ഉൽപ്രാപണം ഉണ്ടാകൂ എന്ന ഈ വാദം സ്വീകാര്യമല്ല. കാരണം:—

1) പഴയനിയമ ഭക്തന്മാരിൽനിന്നു ഭിന്നമായ ഒരു കൂട്ടമാണു സഭയെന്നും, സഭയ്ക്കായി ഒരു വിശേഷയുഗം ഉണ്ടെന്നും ഇവർ വിശ്വസിക്കുന്നില്ല. മഹോപദ്രവപശ്ചാത്‌വാദക്കാർ യുഗപരമായ വ്യാഖ്യാനം നിഷേധിക്കുന്നു.

2) യിസ്രായേലിൻെറ തുടർച്ചയാണു സഭയെന്നും പശ്ചാത്‌വാദക്കാർ വിശ്വസിക്കുന്നതിനാൽ സഭയ്ക്കും യഹൂദനും വേണ്ടിയുള്ള തേജസ്സിലുള്ള പ്രത്യക്ഷതയല്ലാതെ, സഭയ്ക്കായിമാത്രം ഒരു ഉൽപ്രാപണം അംഗീകരിക്കുന്നില്ല

* * * * *

[ഇവയ്ക്കുശേഷം സംഭവിപ്പാനുള്ളതു ഞാൻ നിനക്കു കാണിച്ചുതരാം" (വെളി. 4:1) എന്നു കർത്താവു നേരിട്ടു വ്യാഖ്യാനം പറഞ്ഞുതരുന്നതിനാൽ നാലാം അദ്ധ്യായ സംഭവങ്ങൾക്കുമുമ്പു സഭയുടെ ഉൽപ്രാപണം നടന്നിരിക്കണം എന്നുള്ളതു് എത്രയും നിശ്ചയമാണ്. മഹാപീഡനത്തിൻമുമ്പ് ഉൽപ്രാപണം നടക്കും. ആകയാൽ മഹോപദ്രവപശ്ചാത്‌വാദം പൂർണ്ണമായും തെററാണ്. Y. E.]

## 10. ഉൽപ്രാപണോദ്ദേശ്യങ്ങൾ

1. രക്ഷാപൂർത്തിയായ ശരീരോദ്ധാരണം പുനരുത്ഥാനത്താലും രൂപാന്തരത്താലും നിവൃത്തിയാക്കുക. റോമ. 8:23; ഫിലി. 3:20, 21.

2. യോഹ. 14-ലും മററും "ഞാൻ വന്നു നിങ്ങളെ എൻെറ അടുക്കൽ ചേർത്തുകൊള്ളും" എന്നു നൽകിയ വാഗ്ദത്തം നിറവേററുവാൻ ഉൽപ്രാപണം നിശ്ചയിച്ചിരിക്കുന്നു.

3. വെളി. 3:10-ൽ "ഭൂതലത്തിലെങ്ങും വരുവാനുള്ള പരീക്ഷാകാലത്തു ഞാൻ നിന്നെ കാക്കും" എന്ന വാഗ്ദത്തം നിറവേററി മഹോപദ്രവത്തിൽനിന്നു രക്ഷിക്കുക.

4. അയറായിൽ ഉയർത്തപ്പെട്ടശേഷം ന്യായാസനത്തിൻമുമ്പാകെ ന്യായമായി വിധിച്ച പ്രതിഫലം പ്രാപിപ്പാൻ നാം എടുക്കപ്പെടുന്നു. 2 കൊരി. 5:10; റോമ. 14:10-12.

5. വിശേഷവസ്ത്രങ്ങൾ അണിയിച്ച മണവാട്ടിസഭയെ മണവാളന്റെ മുമ്പിൽ ഹാജരാക്കുക. വെളി. 19:7.

## 11. ഉൽപ്രാപണസത്യം പ്രായോഗിക ജീവിതത്തിൽ

"കണ്ടാലും, ഞാൻ വേഗം വരുന്നു" (വെളി. 22). കള്ളനെപ്പോലെ യേശു വരും. നിനച്ചിരിക്കാത്ത വേളയിൽ. ഒരുങ്ങിയും ഉണർന്നും നമുക്കിരിക്കാം; വേണ്ടതെല്ലാം ചെയ്തും വേണ്ടവിധമെല്ലാം ശുശ്രൂഷിച്ചും നമുക്കിരിക്കാം. പിണക്കമെല്ലാം തീർക്കാം. ഭിന്നത വെടിയാം. എപ്പോഴാണു പറക്കേണ്ടിവരുന്നതെന്നറിഞ്ഞുകൂടാ. പ്രതിഫലം കുറയും; നഷ്ടപ്പെടും. ഈ പ്രത്യാശയിലേയ്ക്കു് ആരെയെങ്കിലും കൊണ്ടുവന്നോ? തേജസ്സും പദവിയും കുറയുമേ!

ഉൽപ്രാപണോപദേശം നമ്മെ ഗുണദോഷിക്കുന്നു; ഒരുക്കുന്നു; പ്രതിഫലപ്രാപ്തിക്കായി പ്രവർത്തനോന്മുഖരാക്കുന്നു. യാക്കോ. 5:7, 8; വെളി. 3:10, 11; യോഹ. 14:1-3; ഫി. 3:21-4:1; വെളി. 22:7, 12 ഇവ നോക്കുക.

1 കൊരി. 15:51, 52:–"ഞാൻ ഒരു മർമ്മം നിങ്ങളോടു പറയാം. നാം എല്ലാവരും നിദ്രകൊള്ളുകയില്ല; എന്നാൽ അന്ത്യകാഹളനാദത്തിങ്കൽ പെട്ടെന്നു കണ്ണിമെയ്ക്കുന്നിടയിൽ നാം എല്ലാവരും രൂപാന്തരപ്പെടും. കാഹളം ധ്വനിക്കും; മരിച്ചവർ അക്ഷയരായി ഉയിർക്കുകയും നാം രൂപാന്തരപ്പെടുകയും ചെയ്യും."

1 കൊരി. 15:58:–"ആകയാൽ എന്റെ പ്രിയ സഹോദരന്മാരേ, നിങ്ങൾ ഉറപ്പുള്ളവരും കുലുങ്ങാത്തവരും നിങ്ങളുടെ പ്രയത്നം കർത്താവിൽ വ്യർത്ഥമല്ലാ എന്നു് അറിഞ്ഞിരിക്കയാൽ കർത്താവിന്റെ വേലയിൽ എപ്പോഴും വർദ്ധിച്ചുവരുന്നവരും ആകുവിൻ." ആമേൻ.